(ബി) ആകെ 10621 പേർക്ക് വൈദ്യുതി കണക്ഷൻ നൽകി. ഇതിൽ 9741 പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ്.

(സി) 1675.3 ലക്ഷം രൂപ ചെലവഴിച്ചു.

വാതകാധിഷ്ഠിത പദ്ധതി

51 (3205) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതകാധിഷ്ഠിത വൈദ്യുതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) എൽ.എൻ.ജി ഉപയോഗിച്ചു വൈദ്യുതോൽപാദനം നടത്തുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) കൽക്കരി അധിഷ്ഠിത വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി വൈദ്യുതി നിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കായംകുളത്ത് നാഫ്ത ഉപയോഗിച്ചു പ്രവർത്തിക്കുന്ന താപനിലയം എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബ്രഹ്മപുരം ഡീസൽ പ്ലാന്റിലെ രണ്ട് കേടായ ജനറേറ്ററുകൾ മാറ്റി എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന ജനറേറ്ററുകൾ സ്ഥാപിക്കുക, ബ്രഹ്മപുരത്ത് 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിതനിലയം സ്ഥാപിക്കുക, കൊച്ചിയിലെ ബി.എസ്.ഇ.എസ്. നിലയം നാഫ്തയിൽ നിന്ന് എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന നിലയമാക്കുക എന്നീ പദ്ധതികൾ പരിഗണനയിലാണ്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ ചിമേനിയിൽ.

മസ്ദൂർമാരുടെ ഒഴിവുകൾ

52 (3206) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് KSEB-യുടെ കീഴിലുള്ള മസ്ദൂർമാരുടെ ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly